Membership of the credit Co-operative Societies

* 763 [831] **Shri M. Ramappa**: Will the Minister of Revenue and Co-operation be pleased to State:

(a) Whether complaints have been received that membership in some of the credit Co-operative Societies are restricted so as to keep them as "Pocket Societies" of some interested parties;

(b) If so what action has been taken to prevent such tendencies;

(c) Is there a move for introducing automatic membership system in the case of credit Co-operative Societies?

Minister for Revenue and Co-operation (**Shri Baby John**):

(a) No.

(b) The question does not arise.

(c) Government is considering the various aspects of this proposal.

സ്കൂളുകളിലെ കരിയർമാസ്റ്റർ ട്രെയിനിംഗ്

* 764 [832] ശ്രീ. കെ. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ കരിയർമാസ്റ്റർ ട്രെയിനിംഗിനുവേണ്ടി ഇതിനകം എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;

(ബി) ഇന്ന് ഏതെങ്കിലും സ്കൂളിൽ കരിയർമാസ്റ്റർമാരുടെ ജോലി പ്രയോജനകരമായി നടക്കുന്നുണ്ടോ;

(സി) കരിയർ മാസ്റ്റർ ട്രെയിനിംഗ് കഴിഞ്ഞവർക്ക് പ്രത്യേക അലവൻസ് കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) കഴിഞ്ഞ സാമ്പത്തികവർഷത്തിൽ 36,165രൂപ ഇതിലേയ്ക്ക് ചെലവഴിച്ചിട്ടുണ്ട്.

(ബി) പല സ്കൂളുകളിലും കരിയർ മാസ്റ്റർമാരുടെ ജോലി കാര്യക്ഷമമായി നടക്കുന്നുണ്ട്.

(സി) ഇല്ല

പരസ്യങ്ങൾക്കുള്ള ചെലവ്

* 765 [833] ശ്രീ. സേവ്യർ അറയ്ക്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരസ്യങ്ങൾക്കായി ഏറ്റവും കൂടുതൽ തുക ചെലവിട്ട വകുപ്പുകൾ ഏതെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly